## വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്.
കെ.എസ്.എച്ച്.ബി,
ശാന്തിനഗർ, തിരുവനന്തപുരം.01

നമ്പർ: ഐ1/24458/2016

തീയതി: 08/09/2016.

ട്രെയിനിംഗ് ഡയറക്ടർ.

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- പ്ലാനിംഗ് - ഐ.ടി.ഐകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് - ശുപാർശകൾ ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

**************

08/08/2016-ൽ ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വ്യാവസായിക പരിശീലന വകുപ്പിന്റെ യോഗത്തിൽ ഐ.ടി.ഐകളുടെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ തീരുമാനിച്ചു. 25 മുതൽ 50 വർഷത്തെ വികസനം മുന്നിൽ കണ്ട് വിദഗ്ധരായ ആർക്കിടെക്ടുകളുടെ സാഹായത്തോടെ ഓരോ ഐ.ടി.ഐ കൾക്കും മാസ്റ്റർ തയ്യാറാക്കണമെന്നും ബഹു. മന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ താങ്കളുടെ സ്ഥാപനത്തിന്റെ **മാസ്റ്റർ പ്ലാൻ തയ്യാറാക്കി (രണ്ട് പകർപ്പ്) 15/10/16-ന് മുൻപ്** നൽകണമെന്ന് അറിയിക്കുന്നു.

ആവശ്യമായ കെട്ടിടങ്ങൾ നിലവിലുള്ള കെട്ടിടങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ, ഇലക്ട്രിഫിക്കേഷൻ, വയറിംഗ്, എന്നിവയിൽ വേണ്ട നൂതനമായ മാറ്റങ്ങൾ, ആവശ്യമായ ട്രേഡുകൾ, ട്രേഡുകളിൽ ആവശ്യമായ ഉപകരണ സംഭരണം മറ്റ് അനുബന്ധ സൗകര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ പുതിയതായി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവ **25 മുതൽ 50 വർഷം വരെ മുൻകൂട്ടികണ്ട് തയ്യാറാക്കേണ്ടതാണ്.** പ്ലാൻ സ്കെച്ച്, സൈറ്റ് പ്ലാൻ എന്നിവ വിദഗ്ധരായ ആർക്കിടെക്ടുകളുടെ സഹായത്തോടെ തയ്യാറാക്കേണ്ടതാണ്. ട്രേഡുകളിൽ നിലവിലുള്ള ഉപകരണങ്ങളുടെയും ഇനി ലഭിക്കേണ്ട ഉപകരണങ്ങളുടെയും ലിസ്റ്റ് പ്രത്യേകം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി.

എസ്./9/09/2016